# കേരള വാട്ടർ അതോറിറ്റി

## കുട്ടമ്പുഴ പഞ്ചായത്ത് - നബാർഡ് ധനസഹായത്തോടെ ഇഞ്ചത്തൊട്ടി പ്രദേശത്ത് നടപ്പിലാക്കുന്ന ചെറുകിട ശുദ്ധജല വിതരണ പദ്ധതി..

## നിർമ്മാണോത്ഘാടനം

## റിപ്പോർട്ട്

എറണാകുളം ജില്ലയിലെ കോതമംഗലം താലൂക്കിൽ ഉൾപ്പെടുന്ന കുട്ടമ്പുഴ പഞ്ചായത്തിലെ ഇഞ്ചതൊട്ടി ഭാഗത്ത് അനുഭവപ്പെപ്പെട്ടുവരുന്ന ശുദ്ധജലക്ഷാമത്തിന് പരിഹാരമായി സംസ്ഥാന സർക്കാർ നബാർഡ് ധനസഹായത്തോടെ ഒരു പദ്ധതിക്ക് അനുമതി നൽകുകയും 92 ലക്ഷം രൂപയുടെ ഇഞ്ചത്തൊട്ടി ചെറുകിട ശുദ്ധജല വിതരണ പദ്ധതിക്ക് ജലവിഭവ വകുപ്പ് 16/11/2016 ൽ ഭരണാനുമതി നൽകുകയും തുടർന്ന് 25/03/2017 ൽ ചീഫ് എഞ്ചിനീയർ, സെൻട്രൽ റീജിയൻ, കൊച്ചിയുടെ സാങ്കേതികാനുമതി ലഭിക്കുകയും ചെയ്തു.

ഈ പദ്ധതിയുടെ സ്രോതസ് പെരിയാർ നദിയാണ്. ഇഞ്ചത്തൊട്ടി 4-ാം ബ്ലോക്ക് പ്രദേശത്ത് പുഴയുടെ തീരത്ത് 3 മീ. വ്യാസമുള്ള കിണർ നിർമ്മിച്ച് കിണറിൽ ശേഖരിക്കപ്പെടുന്ന ജലം 12.50 കുതിരശക്തിയുള്ള പമ്പ് സെറ്റ് ഉപയോഗിച്ച് പമ്പ് ചെയ്ത് പ്രതിദിനം 5 ലക്ഷം ലിറ്റർ ശുദ്ധീകരണ ശേഷിയുള്ള പ്രഷർ ഫിൽറ്ററിലൂടെ ശുദ്ധീകരിച്ച് 1500 മീ. നീളത്തിൽ,100 mm ഡി.ഐ. കെ.9 പൈപ്പ് പമ്പിംഗ് മെയിനായി സ്ഥാപിച്ച് 4-ാം ബ്ലോക്ക് പ്രദേശത്ത് തന്നെ സ്ഥാപിക്കുന്ന 40,000 ലിറ്റർ സംഭരണ ശേഷിയുള്ള ഉപരിതല സംഭരണിയിൽ എത്തിച്ച് ഇഞ്ചത്തൊട്ടി പ്രദേശത്ത് വിതരണം ചെയ്യുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഈ പദ്ധതിയിൽ 2000.00മീ. നീളത്തിൽ 80, 65, 50 mm വ്യാസമുള്ള G.I പൈപ്പുകൾ ഉപയോഗിച്ച് വിതരണ ശ്യംഖല സ്ഥാപിക്കുന്നതും ഉൾപ്പെടുന്നു.

ഈ പദ്ധതി 2018 ജൂൺ മാസത്തോടെ പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യുവാൻ ഉദ്ദേശിക്കുന്നു. ഇഞ്ചത്തൊട്ടി വാർഡിലെ ജനസംഖ്യയും അടുത്ത 30 വർഷത്തെ ജനസംഖ്യാ വർദ്ധനവും കൂടി കണക്കിലെടുത്ത് പ്രതിദിനം ആളോഹരി 100 ലിറ്റർ ശുദ്ധജലം വീതം ലഭിക്കത്തക്ക രീതിയിലാണ് ഈ പദ്ധതിയുടെ ഉൽപാദന ഘടകങ്ങൾ വിഭാവനം ചെയ്തിട്ടുള്ളത്.